'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ (കെമിസ്ട്രി) അധ്യാപകനായ ശ്രീ. വി.ആർ രതീഷിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ.(സാധാ) നം.3224/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 08/08/2019

---

പരാമർശം:- 1 വിജിലൻസ് വകുപ്പിന്റെ 31.07.1997-ലെ . സ.ഉ(പി) നം. 46/1997/വിജി നമ്പർ ഉത്തരവ്.

2 ആഭ്യന്തര (വിജിലൻസ്-ബി) വകുപ്പിന്റെ 27.07.2019-ലെ വിജി ബി2/561/2019/വിജി നമ്പർ കത്ത്.

3 വിജിലൻസ് ഡയറക്ടറുടെ 10.07.2019-ലെ ഇ1(എസ്.സി-7/19/എസ്ആർറ്റി-1)2585/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ (കെമിസ്ട്രി) അധ്യാപകനായ ശ്രീ.വി.ആർ.രതീഷ് കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കി സ്വകാര്യ ട്യൂഷൻ സ്ഥാപനം നടത്തുന്നുവെന്ന ആരോപണം സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 16.05.2019-ൽ നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ട് ആഭ്യന്തര വകുപ്പിൽ നിന്നും പരാമർശം (2) പ്രകാരം ലഭ്യമാക്കുകയുണ്ടായി. ആറ്റിങ്ങൽ പാലസ് റോഡിലുള്ള നല്ലന്ദ ലെയിനിൽ ശ്രീശൈലം എന്ന വീടിന് പുറക് വശത്തുള്ള ട്യൂഷൻ സെന്ററിൽ ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകനായ ശ്രീ. വി.ആർ.രതീഷ് കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കി പ്രൈവറ്റ് ട്യൂഷൻ എടുക്കുന്നതിനായി വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് പരാമർശം രണ്ട് പ്രകാരം വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കെമിസ്ട്രി അധ്യാപകനായ ശ്രീ.വി.ആർ.രതീഷ് കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കി പ്രൈവറ്റ്

ട്യൂഷൻ എടുക്കുന്ന പ്രവൃത്തി സർക്കാർ അധ്യാപകരുടെ പെരുമാറ്റച്ചട്ടത്തിന് വിരുദ്ധമാണ്. അധ്യാപകർ കുട്ടികൾക്കും സമൂഹത്തിനും മാതൃകയാകേണ്ടവർ എന്നിരിക്കെ ഇത്തരത്തിലുള്ള കൃത്യവിലോപം ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. ശ്രീ.വി.ആർ രതീഷ് കേരള ഗവൺമെന്റ് സർവ്വന്റ്സ് കോൺടാക്ട് റൂൾ 48 പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനമാണ് നടത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ (കെമിസ്ട്രി) അധ്യാപകനായ ശ്രീ.വി.ആർ.രതീഷ്-നെ കെ.സി.എസ് ആന്റ് സിസിഎ (റൂൾ 15) പ്രകാരം കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ചട്ടപ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് ടിയാൻ അർഹനാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMAR.C.S.
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,ഹയർ സെക്കന്ററി വിദ്യാഭ്യാസം തിരുവനന്തപുരം.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. വി.ആർ രതീഷ്, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കെമിസ്ട്രി), ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, ശാസ്താംകോട്ട, കൊല്ലം. (ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതു ജനസമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ പ്രസ്സ് റിലീസ്)

കരുതൽ ഫയൽ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt. No. Ac B5/158007/19/HSE Dated

Copy of this order forwarded herewith to the Principal Govt. H.S.S. Sasthamcottah, Kollam for necessary action.

Deputy Director
Academic

DIRECTORATE OF HIGHER SECONDARY
Thiruvananthapuram
Date..........

**SABU VALERIAN**
**Deputy Director (Academic)**
**Directorate of Higher**
**Secondary Education**
**Thiruvananthapuram -1**